"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഫെമിന.എസ്.ആസാദിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1085/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/06/2020

---

പരാമർശം:- 1 ശ്രീമതി. ഫെമിന.എസ്.ആസാദ് സമർപ്പിച്ച 12.06.2018 ലെ അവധി അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 17.06.2019 ലെ PAN/5718/2018-E10(DP) നം. കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഫെമിന.എസ്.ആസാദ് 02.01.2018 മുതൽ 2 വർഷത്തേക്ക് മക്കളുടെ പഠന സൗകര്യത്തിനായി അവരോടൊപ്പം കഴിയുന്നതിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ശ്രീമതി.ഫെമിന.എസ്.ആസാദ് 24.10.2014 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാളുടെ ഭർത്താവ് വിദേശത്ത് ആയതിനാൽ രണ്ട് പെൺമക്കളുടെ പഠനത്തിനായി കുട്ടികളോടൊപ്പം കേരളത്തിൽ തന്നെ താമസിക്കുന്നതിനായി 02.01.2018 മുതൽ 01.01.2020 വരെ 2 വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 14/06/1994 ലെ 36/94/ധന നമ്പർ സർക്കുലറിലെ ഖണ്ഡിക II(a) പ്രകാരം വ്യക്തിപരമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഫെമിന.എസ്.ആസാദ് തന്റെ രണ്ട് പെൺ മക്കളുടെ പഠനത്തിനായി അവധി ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ടിയാരിക്ക് വ്യക്തിപരമായ ആവശ്യത്തിനായി 02/01/2018 മുതൽ 01/01/2020 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ. എസ്. ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ഫെമിന.എസ്.ആസാദ്, ഓഫീസ് അറ്റൻഡന്റ്, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/92/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ